Reg. No. : ...............................

Name : ..................................

GOVT. BRENNEN COLLEGE LIBRARY THALASSERY 122565

**K19P 1061**

## III Semester M.A. Degree (CBSS - Reg.) Examination, October - 2019
## (2018 Admn. Only)
## MALAYALAM LANGUAGE AND LITERATURE
## MAL 3C10 : Eastern Literary Theories

സമയം : 3 മണിക്കൂർ | മാർക്ക്: 80

**I.** ഒന്നുമുതൽ അഞ്ചുവരെ എല്ലാ ചോദ്യങ്ങൾക്കും രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5×4=20)**

1. സഹൃദയൻ ആര് ? സഹൃദയന്റെ കാവ്യപ്രതിഭയേത് ?
2. ധ്വനിയിലെ സംലക്ഷ്യക്രമവും അസംലക്ഷ്യക്രമവും വിവരിക്കുക.
3. ലീലാതിലകത്തിലെ ഉത്തമമണിപ്രവാളത്തിൽ ഭരതന്റെ രസസങ്കല്പത്തിൽ ഉൾപ്പെടാത്ത സങ്കല്പനങ്ങൾ ഉണ്ടോ? പരിശോധിക്കുക.
4. ഉപമയും പ്രതീപവും വ്യത്യസ്തമാകുന്നതെങ്ങനെയെന്ന് ഉദാഹരണ സഹിതം ഉപപാദിക്കുക..
5. ഏഴു തിണകൾ കല്പിച്ചിട്ടുണ്ടെങ്കിലും അതിൽ അഞ്ചു മാത്രമേ പ്രധാനമായി എണ്ണാറുള്ളു. അപ്രധാനമായ രണ്ടു തിണകൾ ഏതൊക്കെയെന്നും അവയെ വ്യത്യസ്തമാക്കുന്നതെന്തെന്നും വ്യക്തമാക്കുക.

**II.** ആറുമുതൽ പത്തുവരെ ചോദ്യങ്ങൾക്ക് നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5×6=30)**

6. ധ്വനി അലങ്കാരമാണോ? എന്ത്കൊണ്ട് ?

അല്ലെങ്കിൽ

ബി) ഗുണീഭൂതവ്യംഗ്യം എന്തെന്ന് വിശദീകരിക്കുക.

7. എ) കവിശിക്ഷയെന്ന ഭാരതീയ പദ്ധതിയെക്കുറിച്ച് വിവരിക്കുക.

അല്ലെങ്കിൽ

ബി) വൃത്തത്തിൽ മാത്ര സുപ്രധാനമാണെന്നു പറയുന്ന വൃത്തശാസ്ത്രം തന്നെ അതിനെ മാത്രാവൃത്തമെന്നും ഗണവൃത്തമെന്നും വിഭജിക്കുന്നത് അനൗചിത്യമല്ലേ ? പരിശോധിക്കുക.

8. എ) പാലൈത്തിണ മറ്റു തിണകളിൽ നിന്ന് വ്യത്യസ്തമാണോ? എന്തുകൊണ്ട്?

അല്ലെങ്കിൽ

ബി) ഐന്തിണകളിലെ വൃക്ഷം, പുഷ്പം എന്നിവയെ വിശദമാക്കുക.

9. എ) ഗുണവും അലങ്കാരവും താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

ബി) ശ്ലേഷവും യമകവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ സോദാഹരണം വിവരിക്കുക.

10. എ) ചൈനീസ്, ജപ്പാനീസ് സൌന്ദര്യശാസ്ത്ര ചിന്തകളെ സാമാന്യമായി പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

ബി) സെൻ സൗന്ദര്യ ശാസ്ത്രത്തിന്റെ സവിശേഷതകളെന്തെല്ലാം ?

III. പതിനൊന്നു മുതൽ പതിമൂന്നു വരെ ചോദ്യങ്ങൾക്ക് ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3×10=30)**

11. എ) പിൽക്കാലത്തുണ്ടായ വ്യാഖ്യനഭേദങ്ങൾ ഭരതന്റെ രസസൂത്രത്തെ നിരാധാരമാക്കിക്കളയില്ലേ, പരിശോധിക്കുക.

അല്ലെങ്കിൽ

ബി) നാടകസൗന്ദര്യശാസ്ത്രത്തിന്റെ ഭാഗമായ നാട്യശാസ്ത്രത്തിലെ രസസൂത്രത്തെ അവലംബിച്ച് കാവ്യത്തെ പരിശോധിക്കുന്നത് ഉചിതമാണോ? ചർച്ച ചെയ്യുക.

12. എ) കാവ്യങ്ങളെ സമീപിക്കുന്നതിൽ അലങ്കാരശാസ്ത്രവും ധ്വനിസിദ്ധാന്തവും അടിസ്ഥാനപരമായി എന്തെങ്കിലും വ്യത്യാസം ദീക്ഷിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

ബി) വൃത്തശാസ്ത്രം അപ്പാടെ ശബ്ദാലങ്കാരങ്ങളിൽ ഉൾപ്പെടുത്താവുന്നതാണോ? എന്തുകൊണ്ട് ?

13. എ) വക്രോക്തിയും ധ്വനിയും താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

ബി) രസാഭാസവും ഭാവാഭാസവും വിശദമാക്കുക.

---